# സൂറ – 29 / അൽ അൻകബൂത്ത്

## സൂക്തം: 08 – 11

ചില സഹോദരന്മാർ വലിയ ആവേശത്തോടെ ഇസ്‌ലാമിക പ്രവർത്തക സംഘങ്ങളിൽ ചേരുന്നു. പ്രവർത്തന രംഗത്തിറങ്ങി, താൻ പ്രതീക്ഷിച്ചതിലേറെ ത്യാഗവും പ്രയത്നവും ആവശ്യപ്പെടുന്ന കാര്യമാണിതെന്ന് മനസ്സിലാക്കുമ്പോൾ തലയൂരാൻ ശ്രമിക്കുകയായി. സഹപ്രവർത്തകർ താനർഹിക്കുന്ന പരിഗണന നൽകുന്നില്ല, തന്നെ സഹായിക്കുന്നില്ല, മൊത്തത്തിൽ പ്രവർത്തകരാരും ശരിയല്ല തുടങ്ങിയ പരാതികളുന്നയിച്ച് പ്രവർത്തന രംഗത്തുനിന്ന് മാറിനിൽക്കുന്നു.



وَوَصَّيْنَا الْإِنسَانَ بِوَالِدَيْهِ حُسْنًا ۖ وَإِن جَاهَدَاكَ لِتُشْرِكَ
بِي مَا لَيْسَ لَكَ بِهِ عِلْمٌ فَلَا تُطِعْهُمَا ۚ إِلَيَّ مَرْجِعُكُمْ فَأُنَبِّئُكُم
بِمَا كُنتُمْ تَعْمَلُونَ ﴿٨﴾

8. മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കണമെന്ന് നാം മനുഷ്യനോട് അനുശാസിച്ചിരിക്കുന്നു. എന്നാൽ നിനക്കു ബോധ്യപ്പെടാത്തതിനെ എന്റെ പങ്കാളിയാക്കാൻ അവർ നിന്നോട് സമരം ചെയ്താലും നീ അതിനു വഴങ്ങിക്കൂടാ. എന്നിലേക്കു തന്നെയാകുന്നു നിങ്ങളൊക്കെയും തിരിച്ചെത്തേണ്ടത്. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെന്തായിരുന്നുവെന്ന് അപ്പോൾ നാം വിശദീകരിച്ചുതരുന്നതാകുന്നു.

**8**

وَوَصَّيْنَا الْإِنسَانَ = മനുഷ്യനോട് നാം വസ്യത്ത് ചെയ്തു, ഉപദേശിച്ചു (അനുശാസിച്ചിരിക്കുന്നു)

بِوَالِدَيْهِ = അവന്റെ മാതാപിതാക്കളെക്കൊണ്ട് (ക്കളോട്) حُسْنًا = നന്മയെ (നല്ല നിലയിൽ വർത്തിക്കണമെന്ന്)

وَإِن جَاهَدَاكَ = അവർ നിന്നോട് ജിഹാദ് (സമരം) ചെയ്താൽ(ലും)

لِتُشْرِكَ بِي = നീ എന്നോട് പങ്കു ചേർക്കാൻ (എന്റെ പങ്കാളിയാക്കാൻ)

مَا لَيْسَ لَكَ بِهِ عِلْمٌ = നിനക്ക് അറിവില്ലാത്തതിനെ (ബോധ്യപ്പെടാത്തതിനെ)

فَلَا تُطِعْهُمَا = നീ അവരിരുവരെയും അനുസരിക്കരുത് (അതിനു വഴങ്ങിക്കൂടാ)

إِلَيَّ = എന്നിലേക്കു തന്നെയാകുന്നു مَرْجِعُكُمْ = നിങ്ങളുടെ മടക്കം (നിങ്ങളൊക്കെയും തിരിച്ചെത്തേണ്ടത്)

فَأُنَبِّئُكُم = അപ്പോൾ ഞാൻ നിങ്ങളോട് പറയും (വിശദീകരിച്ചുതരും)

بِمَا كُنتُمْ تَعْمَلُونَ = നിങ്ങൾ ചെയ്തുകൊണ്ടിരുന്നതി(ത് എന്തായിരുന്നുവെന്ന്)നെക്കുറിച്ച്

സത്യവിശ്വാസികൾ അഭിമുഖീകരിക്കേണ്ടതുണ്ടെന്ന് മുൻ സൂക്തങ്ങൾ സൂചിപ്പിച്ച പരീക്ഷണങ്ങളിൽ വലിയൊരു ഭാഗം സ്വന്തം ഉറ്റവരിലൂടെയും ഉടയവരിലൂടെയും തന്നെയാണുണ്ടാവുക. മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളും വിഗ്രഹാരാധകരോ ഇസ്‌ലാംവിരുദ്ധരോ ആണെങ്കിൽ, അവരുടെ വിശ്വാസങ്ങളിൽനിന്നും ആചാരങ്ങളിൽനിന്നും സ്വന്തം മക്കൾ വ്യതിചലിക്കുന്നത് തടയാൻ അവർ പരമാവധി പരിശ്രമിക്കും. പ്രലോഭനം, പ്രകോപനം, മർദനം തുടങ്ങിയ ഉപായങ്ങളൊക്കെ പ്രയോഗിക്കും. പ്രവാചകന്റെ കാലത്ത് ഇസ്‌ലാമിൽ ആകൃഷ്ടരാകുന്ന ഖുറൈശി യുവാക്കളെ പിന്തിരിപ്പിച്ചിരുന്ന പ്രധാന ശക്തിയായിരുന്നു ഇത്. മാതാപിതാക്കളോടുള്ള അനുസരണവും ആദരവും പരിചരണവും എല്ലാ മതധർമങ്ങളും ഊന്നിപ്പറയുന്ന കാര്യമാണല്ലോ. ഇസ്‌ലാമും മാതാപിതാക്കളുടെ അവകാശങ്ങളെക്കുറിച്ച് ആവർത്തിച്ചുണർത്തുന്നുണ്ട്. അല്ലാഹുവിനും പ്രവാചകനും ശേഷം മനുഷ്യൻ ഏറ്റവുമധികം അനുസരിക്കുകയും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യേണ്ടത് അവന്റെ മാതാപിതാക്കളെയാണ്. അവരോട് 'ഛെ' എന്നു

പറയുക പോലും ചെയ്യരുത്. അവരെ സദാ സ്നേഹത്തിന്റെയും വിനയത്തിന്റെയും മൃദുലമായ ചിറകുകൾ വിരിച്ച് സംരക്ഷിക്കണം. ഇതൊക്കെ നേരത്തേ സൂറഃ *അൽ ഇസ്രാഅ്* 23,24 സൂക്തങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു.

ഇത്തരം ഇസ്‌ലാമികാധ്യാപനങ്ങളെ മുതലെടുത്തുകൊണ്ട്, ഇസ്‌ലാം സ്വീകരിക്കുന്ന യുവാക്കളുടെ മാതാപിതാക്കൾ അവരോട് വാദിച്ചു: 'മക്കൾ മാതാപിതാക്കളെ അനുസരിക്കുകയും ആദരിക്കുകയും ചെയ്യേണ്ടതാണെന്ന് മുഹമ്മദിന്റെ മതവും പറയുന്നുണ്ടല്ലോ. എന്നിരിക്കെ നിങ്ങൾ ഞങ്ങളെ ധിക്കരിച്ചുകൊണ്ട് മുഹമ്മദിന്റെ ശിഷ്യത്വം സ്വീകരിക്കുന്നത് ആ മതത്തിനുതന്നെ എതിരാണ്. ഞങ്ങൾ പറയുന്നതനുസരിച്ച് ഞങ്ങൾ പുലർത്തുന്ന ആ വിശ്വാസാചാരങ്ങൾ സാദരം പിന്തുടരുകയാണ് നിങ്ങൾ ചെയ്യേണ്ടത്. അല്ലെങ്കിൽ നിങ്ങൾ ആ മതത്തിൽനിന്നും ഈ മതത്തിൽനിന്നും പിഴച്ചവരായിത്തീരും.' ചില മാതാപിതാക്കൾ ഇതിൽനിന്ന് കുറേകൂടി മുന്നോട്ടുപോയി വിശ്വാസികളായ മക്കൾക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത സമരം നടത്തുക കൂടി ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ ചിലർ ഇസ്‌ലാം സത്യമാണെന്ന് ബോധ്യപ്പെട്ടിട്ടും അതിലേക്ക് കടന്നുവരാതെ ജാഹിലിയ്യത്തിൽതന്നെ കഴിഞ്ഞുകൂടി. വിശ്വസിച്ചവരിൽതന്നെ ചിലർ വലിയ ആശയക്കുഴപ്പത്തിലായിരുന്നു. ചിലരാകട്ടെ മാതാപിതാക്കളുടെ സമ്മർദവും സമരവും വകവെക്കാതെ തങ്ങൾ ഉൾക്കൊണ്ട ആദർശത്തിൽ അടിയുറച്ചുനിന്നു. ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലം ഇമാം തിർമിദി ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു: സഅ്ദുബ്നു അബീ വഖാസിനെയും മാതാവിനെയും സംബന്ധിച്ചാണീ സൂക്തം അവതരിച്ചത്. അബൂസുഫ്‌യാന്റെ മകൾ ഹംനയാണ് അദ്ദേഹത്തിന്റെ മാതാവ്. തുടക്കത്തിലേ ഇസ്‌ലാം സ്വീകരിച്ചവരിലൊരാളാണ് സഅ്ദ്. സഅ്ദിന് സ്വന്തം മാതാവിനോട് അദമ്യമായ സ്നേഹവും വിധേയത്വവുമുണ്ടായിരുന്നു. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ മാതാവ് അദ്ദേഹത്തോട് പറഞ്ഞു: ''നീ പുതുതായി സ്വീകരിച്ച മതം എന്തു തരത്തിലുള്ളതാണ്? അല്ലാഹുവാണ, നീ പഴയ ദീനിലേക്കു മടങ്ങുകയോ ഞാൻ മരിക്കുകയോ ചെയ്യുന്നതുവരെ ഞാൻ അന്നം തിന്നുകയോ വെള്ളം കുടിക്കുകയോ ചെയ്യില്ല. അങ്ങനെ ഞാൻ മരിച്ചാൽ കാലാന്തരത്തിൽ ആളുകൾ നിന്നെ 'ഹേ ഉമ്മയെ കൊന്നവനേ' എന്നു വിളിക്കും.'' തുടർന്ന് അവർ ഒരു പകലും രാവും അന്നം തിന്നാതെയും വെള്ളം കുടിക്കാതെയും കഴിച്ചുകൂട്ടി. അടുത്ത നാൾ സഅ്ദ് അവരുടെ മുന്നിൽ വന്നിട്ട് ഉറച്ച ശബ്ദത്തിൽ പറഞ്ഞു: ''എന്റെ മാതാവേ അങ്ങേക്ക് നൂറു ജീവനുകളുണ്ടായിരിക്കുകയും അവ ഓരോന്നോരോന്നായി പുറത്തുപോവുകയും ചെയ്താലും എനിക്കെന്റെ മതം ഉപേക്ഷിക്കാനാവില്ല. അങ്ങേക്ക് വേണമെങ്കിൽ ഭക്ഷണം കഴിക്കാം. വേണ്ടെങ്കിൽ കഴിക്കേണ്ട.'' സഅ്ദിന്റെ മടക്കത്തിൽ നിരാശപ്പെട്ടപ്പോൾ അവർ തിന്നാനും കുടിക്കാനും തുടങ്ങി. ഈ സന്ദർഭത്തിൽ മാതാപിതാക്കളോട് നല്ല പെരുമാറ്റവും പരിചരണവും നൽകാൻ കൽപിച്ചുകൊണ്ടും അധർമത്തിൽ അവരെ അനുസരിക്കുന്നത് വിലക്കിക്കൊണ്ടും പ്രകൃത സൂക്തം അവതരിച്ചു.

അയ്യാശുബ്നു അബീറബീഅയുടെ കാര്യത്തിലാണ് ഈ സൂക്തം അവതരിച്ചതെന്ന് ഇബ്നു അബ്ബാസിൽനിന്ന് ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. അബൂജഹ്‌ലിന്റെ സഹോദരനാണ് അയ്യാശ്. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ സഅ്ദിന്റെ മാതാവ് പ്രതിജ്ഞ ചെയ്ത പോലെ അദ്ദേഹത്തിന്റെ മാതാവും പ്രതിജ്ഞയെടുക്കുകയുണ്ടായി. എന്നാൽ പ്രകൃത സൂക്തം ഏതെങ്കിലും പ്രത്യേക വ്യക്തികളെ കുറിച്ചല്ല പ്രത്യുത മക്കൾ ഇസ്‌ലാം സ്വീകരിക്കുന്നതിനെതിരെ സമ്മർദശക്തികളാകുന്ന എക്കാലത്തെയും മാതാപിതാക്കളെക്കുറിച്ചാണെന്നും അദ്ദേഹം പറയുന്നു.

സത്യവിശ്വാസം കൈക്കൊള്ളുന്ന മക്കളെ ബഹുദൈവ വിശ്വാസത്തിലേക്കും വിഗ്രഹാരാധനയിലേക്കും തിരിച്ചുകൊണ്ടുവരാൻ മാതാപിതാക്കൾ സമ്മർദം ചെലുത്തുന്നതിനെ ഖുർആൻ രണ്ടിടത്തു പരാമർശിക്കുന്നുണ്ട്. ഒന്ന് ഈ സൂക്തം. മറ്റേത് സൂറ *ലുഖ്മാനി*ലെ 15-ാം സൂക്തം. ഈ രണ്ട് സൂക്തങ്ങളിലും മാതാപിതാക്കളുടെ സമ്മർദത്തെ ജിഹാദ് (وَإِن جَاهَدَاكَ) ആയിട്ടാണ് പറയുന്നത്. സാധാരണ ഇതിനെ തർജമ ചെയ്യാറുള്ളത് 'അവർ ഇരുവരും നിന്നെ നിർബന്ധിച്ചാൽ' എന്നാണ്. എന്നാൽ ആശയപരമായി കേവലം നിർബന്ധിക്കുക എന്നതിനേക്കാൾ കനവും കരുത്തുമുള്ള പദമാണ് ജിഹാദ്. *ഇജ്ബാറും ഇക്റാഹു*മാണ് നിർബന്ധിക്കൽ. നീ തൗഹീദിൽനിന്ന് ശിർക്കിലേക്ക് മടങ്ങിയേ തീരൂ, ഇല്ലെങ്കിൽ നിന്നെ കൊന്നുകളയും, കുടുംബത്തിൽനിന്ന് ബഹിഷ്കരിക്കും, നിനക്ക് ഞങ്ങളുടെ സ്വത്തിൽ അവകാശം തരില്ല, നിനക്ക് എന്തു സംഭവിച്ചാലും ഞങ്ങൾ സഹായിക്കുകയില്ല. ഇതൊക്കെ നിർബന്ധിക്കലിന്റെ രൂപങ്ങളാണ്. ചില മാതാപിതാക്കൾ അതിനുമപ്പുറം കടന്ന് നീ ഞങ്ങളുടെ മതത്തിലേക്ക് തിരിച്ചുവന്നില്ലെങ്കിൽ ഞങ്ങൾ ചത്തുകളയും, മരണം വരെ നിരാഹാരമനുഷ്ഠിക്കും, വെള്ളം പോലും കുടിക്കില്ല, പകലന്തിയാകും വരെ വെയിൽ കൊള്ളും എന്നൊക്കെ പ്രതിജ്ഞയെടുക്കുകയും അത് നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യും. ഇതാണ് ജിഹാദ്-സമരം. ചില മുസ്‌ലിം യുവാക്കളുടെ മാതാപിതാക്കൾ ഇത്തരം സമ്മർദശ്രമങ്ങളവലംബിച്ച പശ്ചാത്തലത്തിലാണ് ഈ സൂക്തം അവതരിക്കുന്നത്. ഈ അവതരണ പശ്ചാത്തലം ജിഹാദിന്റെ ശരിയായ ആശയം പ്രകാശിപ്പിക്കുക കൂടി ചെയ്യുന്നുണ്ട്. ക്രി. 2017–18-ൽ കേരളത്തിലുണ്ടായ പ്രമാദമായ ഹാദിയാ കേസ്, മക്കളുടെ സത്യവിശ്വാസത്തിനെതിരെ മാതാപിതാക്കൾ നടത്തുന്ന ജിഹാദിന്റെ മികച്ച ഉദാഹരണമാകുന്നു. മകളെ പൂർവ മതത്തിലേക്ക് തിരിച്ചുകൊണ്ടുപോകാൻ മാതാപിതാക്കൾ ആ യുവതിയെ മാസങ്ങളോളം വീട്ടിൽ ഏകാന്ത തടവിലിടുകയും സുപ്രീം കോടതിയുടെ വരെ വിചാരണക്ക് വിധേയമാക്കുകയും ചെയ്തു. സത്യവിശ്വാസത്തിന്റെ സൂര്യപ്രകാശം ആഴത്തിലുൾക്കൊണ്ട മനസ്സുകളെ ഇരുട്ടിന്റെ ശക്തികൾ എത്രയൊക്കെ ജിഹാദ് ചെയ്താലും പിന്തിരിപ്പിക്കാനാവില്ല എന്നതിന്റെയും മികച്ച ഉദാഹരണമാണ് ആ സംഭവം.

തങ്ങൾക്ക് ബോധ്യപ്പെട്ട സത്യവും ധർമവും ഉപേക്ഷിക്കാൻ കുടുംബത്തിൽനിന്ന് കടുത്ത സമ്മർദം നേരിടുന്ന യുവാക്കളെ അല്ലാഹു ഉദ്ബോധിപ്പിക്കുകയാണ്: മാതാപിതാക്കളെ അനുസരിക്കുകയും ആദരിക്കുകയും പരിചരിക്കുകയും ചെയ്യണമെന്നുള്ളത് അല്ലാഹു എല്ലാ മനുഷ്യർക്കും നൽകിയിട്ടുള്ള സഗൗരവമായ ശാസനയാകുന്നു. സത്യവിശ്വാസികൾ അത് ജാഗ്രതയോടെ പാലിക്കേണ്ടതുണ്ട്. പക്ഷേ, മാതാപിതാക്കൾ അനുവർത്തിച്ചുവരുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അനുകരിക്കുകയും അവരുടെ സത്യവിരുദ്ധവും അധാർമികവുമായ ആവശ്യങ്ങൾക്ക് വഴങ്ങുകയും ചെയ്യുക അവരോടുള്ള കടമയുടെയും സ്നേ

ഹത്തിന്റെയും അനിവാര്യതയാകുന്നില്ല. ആത്മീയ-ധാർമിക കാര്യങ്ങളിൽ മാതാപിതാക്കളേക്കാൾ മുൻഗണന കൽപി ക്കേണ്ടത് നിങ്ങളെയും നിങ്ങളുടെ മാതാപിതാക്കളെയും സൃഷ്ടിച്ച അല്ലാഹുവിനാണ്. അല്ലാഹുവിനോടുള്ള വിധേ യത്വത്തിന്റെയും അനുസരണത്തിന്റെയും കീഴിലായിരിക്ക ണം മാതാപിതാക്കളടക്കം മറ്റെല്ലാ സൃഷ്ടികളോടുമുള്ള കൂറ്. നബി (സ) ഈ ആശയം ഇങ്ങനെ അവതരിപ്പിച്ചിരി ക്കുന്നു: لا طاعة لِمَخلوق في معصية الخالق - 'സ്രഷ്ടാവിനെ ധിക്കരിച്ചുകൊണ്ട് ഒരു സൃഷ്ടിക്കും അനുസരണമില്ല.' മാതാപിതാക്കൾക്ക് മക്കളിലുള്ള അവകാശം അല്ലാഹു നൽ കിയിട്ടുള്ളതാണ്. അതുവഴി അവർക്ക് തങ്ങളുടെ മക്കളെ അല്ലാഹുവിന്റെ അവകാശങ്ങൾ നൽകുന്നതിൽനിന്ന് വി ലക്കാൻ അവകാശം ലഭിക്കുന്നില്ല.

مَا لَيْسَ لَكَ بِهِ عِلْمٌ എന്ന വാക്കിലെ عِلْمٌ -ന്റെ വിവക്ഷ തെളിവും പ്രമാണവുമാകുന്നു. തെളിവുകളും പ്രമാണ ങ്ങളും സാക്ഷ്യപ്പെടുത്തുന്ന അറിവാണല്ലോ സാധുവായ അറിവ്, ബോധ്യം. ദൈവം ഏകനാണെന്ന അറിവ് സഹ ജവും സ്വാഭാവികവുമാണ്. അതുകൊണ്ടാണ് മുപ്പത്തി മു ക്കോടി ദൈവങ്ങളെ ആരാധിക്കുന്നവർക്കും സാക്ഷാൽ പരമേശ്വരൻ ഏകനാണെന്ന് സമ്മതിക്കേണ്ടിവരുന്നത്. ദൈ വങ്ങൾ നിരവധിയുണ്ടെന്ന് വാദിക്കുന്നവർ ആ വാദത്തെ സാക്ഷ്യപ്പെടുത്തുന്ന തെളിവുകളും ന്യായങ്ങളും പ്രമാണ ങ്ങളും സമർപ്പിക്കാൻ ബാധ്യസ്ഥരാകുന്നു. സുവ്യക്തമായ ന്യായങ്ങളും തെളിവുകളും പ്രമാണങ്ങളുമൊന്നുമില്ലാതെ ഏതെങ്കിലുമൊരു അസ്തിത്വത്തെ ദൈവത്തിന്റെ പങ്കാളി യായി വിശ്വസിച്ച് അതിന്റെ അടിമത്തവും വിധേയത്വവും സ്വീകരിക്കുക സാമാന്യ ബുദ്ധിക്ക് നിരക്കുന്നതല്ല.

إِلَيَّ مَرْجِعُكُمْ ...... تَعْمَلُونَ എന്ന വാക്യം വിശ്വാസികൾക്ക് സുവിശേഷവും മർദകരായ നിഷേധികൾക്ക് താക്കീതുമാ കുന്നു. എല്ലാ സൃഷ്ടികളും അന്തിമമായി സ്രഷ്ടാവായ അല്ലാഹുവിങ്കലേക്കുതന്നെ തിരിച്ചു ചെല്ലേണ്ടതുണ്ട്. ഈ മടക്കം ഒരു പാഴ്വേലയല്ല. അല്ലാഹുവിങ്കൽ തിരിച്ചെത്തുന്ന ഓരോ മനുഷ്യനും അവിടെ വെച്ച് താൻ ഭൗതിക ജീവിത ത്തിൽ ചെയ്ത ചെറുതും വലുതുമായ സകല കർമങ്ങളു ടെയും യാഥാർഥ്യം മനസ്സിലാക്കുന്നു. സ്വകർമങ്ങളുടെ യാ ഥാർഥ്യം ബോധ്യപ്പെടുന്നവർ അതിന്റെ അനിവാര്യതയായ രക്ഷാശിക്ഷകൾക്ക് അർഹരാകുന്നു. ഇന്ന് ദൈവദാസന്മാരെ ദൈവിക സരണിയിൽനിന്ന് തടയാൻ അക്രമമർദനങ്ങളഴി ച്ചുവിടുന്ന ധർമധിക്കാരികൾക്ക് അന്ന് അവരർഹിക്കുന്ന കർമഫലം ഒരു കുറവും വരാതെ ലഭിക്കുന്നു. അതുപോ ലെ പ്രയാസങ്ങളോടും പ്രതിലോമ ശക്തികളോടും മല്ല ടിച്ചുകൊണ്ട് ദൈവിക സരണിയിൽ അടിയുറച്ചുനിന്ന ആ ദർശധീരന്മാർക്ക് അവരർഹിക്കുന്നതിലേറെ സമ്മാനങ്ങളും പുരസ്കാരങ്ങളും ലഭിക്കുന്നു.

---

وَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ لَنُدْخِلَنَّهُمْ فِي الصَّالِحِينَ ﴿٩﴾

9. സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങ ളാചരിക്കുകയും ചെയ്തവരെ തീർച്ചയായും നാം സജ്ജനഗണത്തിൽ ചേർക്കുന്നതാകുന്നു.

**9**

وَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ = സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർ (വരെ)

لَنُدْخِلَنَّهُمْ = തീർച്ചയായും നാം അവരെ പ്രവേശിപ്പിക്കും (ചേർക്കുന്നതാകുന്നു)

فِي الصَّالِحِينَ = സൽക്കർമകാരികളി(സജ്ജന ഗണത്തി)ൽ

ഏഴാം സൂക്തത്തിൽ നൽകിയ വാഗ്ദാനം ഒരിക്കൽകൂടി ഓർമിപ്പിക്കുകയാണ്. അതായത് പ്രതിയോഗികളുടെ ആക്ഷേപശകാരങ്ങളും അക്രമങ്ങളും ക്ഷമാപൂർവം തരണം ചെയ്തുകൊണ്ട് സത്യവിശ്വാസത്തിലും സച്ചരിതത്തിലും ഉറച്ചുനിൽക്കുന്നവർ നിസ്സംശയം സജ്ജനഗണത്തിൽ ഉൾ പ്പെടുന്നവരാകുന്നു. ഈ ലോകത്തിന്റെ പലതരം പരീക്ഷണ ങ്ങൾ വിജയകരമായി തരണം ചെയ്യിച്ചുകൊണ്ട് അല്ലാഹു പരലോകത്തിലെ നിത്യ സൗഭാഗ്യത്തിനു വേണ്ടി തെരഞ്ഞെ ടുക്കുന്ന നിഷ്കപടരും നിഷ്കളങ്കരുമായ ദൈവദാസന്മാ രാണ് സജ്ജനം- صالحون. സത്യവിശ്വാസവും സൽക്കർമവും വാദിക്കുന്നവർക്കെല്ലാം ഈ ഗണത്തിൽ പ്രവേശനം ലഭിക്കു കയില്ല. പരീക്ഷണങ്ങളുടെ ഉരകല്ലിൽ ഉരച്ച് വിശ്വാസത്തിന്റെ ദൃഢതയുടെയും സൽക്കർമങ്ങളിലെ ആത്മാർഥതയുടെയും മാറ്റ് തെളിയിച്ചവർക്കു മാത്രമേ അതിൽ പ്രവേശനം ലഭിക്കൂ.

---

وَمِنَ النَّاسِ مَن يَقُولُ آمَنَّا بِاللَّهِ فَإِذَا أُوذِيَ فِي اللَّهِ جَعَلَ
فِتْنَةَ النَّاسِ كَعَذَابِ اللَّهِ وَلَئِن جَاءَ نَصْرٌ مِّن رَّبِّكَ لَيَقُولُنَّ
إِنَّا كُنَّا مَعَكُمْ ۚ أَوَلَيْسَ اللَّهُ بِأَعْلَمَ بِمَا فِي صُدُورِ الْعَالَمِينَ
﴿١٠﴾

10. ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു എന്നവ കാശപ്പെടുന്ന ചില ആളുകളുണ്ട്. പക്ഷേ, അല്ലാഹു വിന്റെ മാർഗത്തിൽ പീഡിപ്പിക്കപ്പെട്ടാൽ മനുഷ്യരാ ലുണ്ടാകുന്ന പരീക്ഷണത്തെ അവർ ദൈവശിക്ഷക്കു സമാനമാക്കുകയായി. നിന്റെ നാഥങ്കൽനിന്നുള്ള വല്ല സഹായവും സമാഗതമായാലോ, തീർച്ചയായും ഞങ്ങൾ നിങ്ങളോടൊപ്പമാണെന്ന് ഇതേ ആളുകൾ തന്നെ ഘോഷിക്കുന്നു. അല്ലാഹു ലോകരുടെ മനോ ഗതങ്ങൾ നന്നായി അറിയുന്നവനല്ലയോ.

**10**

وَمِنَ النَّاسِ مَن= ആളുകളിൽനിന്ന് ചിലർ (ചില ആളുകളുണ്ട്)
يَقُولُ= പറയുന്നു (അവകാശപ്പെടുന്നു) آمَنَّا بِاللَّهِ= ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു
فَإِذَا أُوذِيَ فِي اللَّهِ= (പക്ഷേ) അല്ലാഹുവി(ന്റെ മാർഗത്തി)ൽ പീഡിപ്പിക്കപ്പെട്ടാൽ
جَعَلَ فِتْنَةَ النَّاسِ= മനുഷ്യരുടെ (രാലുണ്ടാകുന്ന) പരീക്ഷണത്തെ അവർ ആക്കുകയായി
كَعَذَابِ اللَّهِ= അല്ലാഹുവിന്റെ ശിക്ഷപോലെ(ദൈവ ശിക്ഷക്കു സമാനം) وَلَئِن جَاءَ= വന്നാൽ (സമാഗതമായാലോ)
نَصْرٌ= സഹായം(വും), വിജയവും مِّن رَّبِّكَ= നിന്റെ നാഥങ്കൽനിന്ന്(ഉള്ള)
لَيَقُولُنَّ= അവർ തീർച്ചയായും പറയും(ഇതേ ആളുകൾ തന്നെ ഘോഷിക്കുന്നു)
إِنَّا كُنَّا مَعَكُمْ= ഞങ്ങൾ നിങ്ങളോടൊപ്പമാണെന്ന് أَوَلَيْسَ اللَّهُ بِأَعْلَمَ= അല്ലാഹു നന്നായി അറിയുന്നവനല്ലയോ
بِمَا فِي صُدُورِ الْعَالَمِينَ= ലോകരുടെ മാറിടങ്ങളിലുള്ളത് (മനോഗതങ്ങൾ)

ദുർബല വിശ്വാസികളുടെയും കപടന്മാരുടെയും സ്വഭാവം സൂചിപ്പിക്കുകയാണ്. അവർ വലിയ വായിൽ തങ്ങൾ മുഅ്മിനുകളും മുസ്‌ലിംകളുമാണെന്ന് അവകാശപ്പെട്ടുകൊണ്ടിരിക്കും. പക്ഷേ, ആ മാർഗത്തിൽ അധ്വാനിക്കാനോ ത്യാഗങ്ങളനുഷ്ഠിക്കാനോ തയാറാവുകയില്ല. അത്തരം രംഗങ്ങളിൽനിന്നൊക്കെ ഒഴിഞ്ഞുമാറും. എന്നല്ല, മുസ്‌ലിംകളോ അല്ലാത്തവരോ ആയ ജനങ്ങളിൽനിന്ന് വല്ല ബുദ്ധിമുട്ടുമുണ്ടായാൽ, അല്ലെങ്കിൽ താൻ പ്രതീക്ഷിച്ച പരിഗണനയും ആനുകൂല്യവും കിട്ടുന്നില്ലെങ്കിൽ മതത്തിനും സമുദായത്തിനുമെതിരെ ആക്ഷേപങ്ങളുന്നയിക്കാൻ തുടങ്ങുന്നു. ഇത്തരക്കാരെ നവമുസ്‌ലിംകളിലും പാരമ്പര്യ മുസ്‌ലിംകളിലും കാണാം. നവമുസ്‌ലിംകളിൽ ചിലർ പ്രതീക്ഷിച്ച പരിഗണനയും ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്നു കണ്ടാൽ പൂർവ മതത്തിലേക്കുതന്നെ തിരിച്ചുപോകുന്നു. ഈമാൻ ഹൃദയത്തിലുറക്കാതെ ദീനിലേക്ക് കടന്നുവരുന്നവരാണിങ്ങനെ ചെയ്യുന്നത്. പരീക്ഷണങ്ങളിലൂടെ, പ്രയാസങ്ങളിലൂടെ അല്ലാഹു തങ്ങളുടെ ഈമാനിന്റെ മാറ്റുരക്കുകയാണെന്ന് മനസ്സിലാക്കാൻ അവർക്ക് കഴിയില്ല. പരീക്ഷണങ്ങളിൽനിന്നും പ്രയാസങ്ങളിൽനിന്നും രക്ഷപ്പെടാനും, നിർമതവാദികളുടെ മതിപ്പും പ്രശംസയും നേടാനും ഇസ്‌ലാമിക ജീവിതക്രമം വെടിയുന്ന പാരമ്പര്യ മുസ്‌ലിംകളുടെയും അവസ്ഥ ഇതുതന്നെയാണ്. ചില സഹോദരന്മാർ വലിയ ആവേശത്തോടെ ഇസ്‌ലാമിക പ്രവർത്തക സംഘങ്ങളിൽ ചേരുന്നു. പ്രവർത്തന രംഗത്തിറങ്ങി, താൻ പ്രതീക്ഷിച്ചതിലേറെ ത്യാഗവും പ്രയത്നവും ആവശ്യപ്പെടുന്ന കാര്യമാണിതെന്ന് മനസ്സിലാക്കുമ്പോൾ തലയൂരാൻ ശ്രമിക്കുകയായി. സഹപ്രവർത്തകർ താനർഹിക്കുന്ന പരിഗണന നൽകുന്നില്ല, തന്നെ സഹായിക്കുന്നില്ല, മൊത്തത്തിൽ പ്രവർത്തകരാരും ശരിയല്ല തുടങ്ങിയ പരാതികളുന്നയിച്ച് പ്രവർത്തന രംഗത്തുനിന്ന് മാറിനിൽക്കുന്നു. ചിലർ സംഘടന തന്നെ ശരിയല്ല എന്നാക്ഷേപിച്ചുകൊണ്ട് വിട്ടുപോകുന്നു. സൂറഃ *അൽഹജ്ജ്* 11-ാം സൂക്തം കാര്യലാഭമുണ്ടാകുമ്പോൾ ഇസ്‌ലാമിനെ തൃപ്തിപ്പെടുകയും പ്രയാസം നേരിടുമ്പോൾ പിന്തിരിയുകയും ചെയ്യുന്നവരെ തെല്ലിൽ നിലകൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്നവർ- مَن يَعْبُدُ اللَّهَ عَلَىٰ حَرْفٍ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ കാണുക.

ഈമാൻ കൈക്കൊള്ളുകയും ഈമാൻ ആവശ്യപ്പെടുന്ന ഇസ്‌ലാമിക ജീവിതം സ്വീകരിക്കുകയും ചെയ്യുമ്പോൾ ആക്ഷേപശകാരങ്ങളും പീഡനങ്ങളും നേരിടേണ്ടിവരുന്നത് ഇസ്‌ലാമിന്റെ ശത്രുക്കളായ ജനങ്ങളിൽനിന്നാണ്. അതിനെ അല്ലാഹുവിന്റെ ശിക്ഷക്ക് സമാനമായി കണ്ട് ഭയപ്പെടുന്നത് ഈമാനിന്റെ ദൗർബല്യം മൂലമാണ്. സത്യവിശ്വാസി ഒരിക്കലും ജനങ്ങളിൽനിന്നുണ്ടാകുന്ന പീഡനത്തെ അല്ലാഹുവിന്റെ ശിക്ഷയെ പേടിക്കുന്നതുപോലെ പേടിച്ചുകൂടാ. ജനങ്ങളുടെ ദ്രോഹം എത്ര കടുത്തതും ദീർഘിച്ചതുമായാലും ഭൗതിക ജീവിതത്തിലെ ഏതാനും നാളുകളിൽ മാത്രമാണതനുഭവിക്കേണ്ടത്. അല്ലാഹുവിന്റെ ശിക്ഷയോ അവസാനമില്ലാതെ ശാശ്വതമായി നിലനിൽക്കുന്നതും കഠിനതരവുമാകുന്നു. അതിനെ അപേക്ഷിച്ച് ക്ഷണികമായ പീഡനങ്ങൾ എത്ര കടുത്തതായാലും വിശ്വാസിയെ സംബന്ധിച്ചേടത്തോളം ഏറെ ലഘുവാകുന്നു. ദൈവിക ക്രമം-സുന്നത്തുല്ലാഹ്-പ്രകാരം ഭൗതികലോകത്ത് ഓരോ വ്യക്തിയും രണ്ടിലൊരു മാർഗം തെരഞ്ഞെടുത്തേ തീരൂ. ഒന്നുകിൽ സത്യത്തിന്റെ പാത സ്വീകരിച്ച് ജനങ്ങളുടെ ആക്ഷേപങ്ങളും പീഡനങ്ങളും തരണം ചെയ്തുകൊണ്ട് ആ പാതയിൽ ഉറച്ച കാൽവെപ്പുകളോടെ മുന്നോട്ടുപോവുക. അതിനുള്ള ആദർശദൃഢതയും ആത്മധൈര്യവും ഇല്ലാത്തവർക്ക് സഞ്ചരിക്കാൻ അസത്യത്തിന്റെ പാത മാത്രമേ അവശേഷിക്കുന്നുള്ളൂ. അത് തെരഞ്ഞെടുക്കുന്നവർ ആ പാതയിലൂടെ സഞ്ചരിച്ചാൽ നിത്യനരകത്തിലേ എത്തിച്ചേരൂ.

ഇവിടെ ജനങ്ങളുടെ ദ്രോഹത്തെ فِتْنَةَ النَّاسِ എന്നും അല്ലാഹുവിന്റെ ശിക്ഷയെ عَذَابِ اللَّهِ എന്നും വ്യവഹരിച്ചത് ശ്രദ്ധേയമാകുന്നു. സത്യവിശ്വാസത്തിന്റെയും സുചരിതത്തിന്റെയും പേരിൽ ജനങ്ങളിൽനിന്നുണ്ടാകുന്ന ദ്രോഹങ്ങൾ എത്രതന്നെ കഠോരമായാലും അതൊക്കെയും പരീക്ഷണങ്ങളിൽ കവിഞ്ഞ ഒന്നുമല്ല. ഈമാനിന്റെ ദാർഢ്യവും ആത്മാർഥതയുമാണ് അതുവഴി പരീക്ഷിക്കപ്പെടുന്നത്. കൂടുതൽ കടുത്ത പരീക്ഷണങ്ങളെ അതിജയിക്കുമ്പോൾ ഈമാൻ കൂ

ടുതൽ ദൃഢവും നിഷ്കളങ്കവുമാണെന്ന് സ്ഥാപിക്കപ്പെടുന്നു. അല്ലാഹുവിങ്കൽനിന്ന് നേരിടേണ്ടിവരുന്നതാകട്ടെ സാക്ഷാൽ ശിക്ഷയാകുന്നു. പരീക്ഷണങ്ങളിൽ തോറ്റുപോകുന്നതിന്റെ ഫലമാണത്. ജനങ്ങളുടെ ദ്രോഹങ്ങളിൽനിന്ന് ഒളിച്ചോടാൻ കഴിയുന്നതുപോലെ ആർക്കും അതിൽനിന്ന് ഒളിച്ചോടാനാവില്ല.

അവസരവാദികളായ വിശ്വാസികളുടെ മറ്റൊരു സ്വഭാവമാണ് وَلَئِن جَاءَ..... مَعَكُمْ എന്ന വാക്യത്തിൽ പറയുന്നത്. പരീക്ഷണ ഘട്ടങ്ങൾ വരുമ്പോൾ കാലിടറി വഴിമാറിപ്പോവുകയും പ്രതിയോഗികൾക്കൊപ്പം ചേരുകയും ചെയ്യുന്നവർ ഇസ്‌ലാമിന് വല്ല നേട്ടവുമുണ്ടായാൽ തങ്ങളുടെ കൂടി വിലപ്പെട്ട സേവനങ്ങളുടെ ഫലമാണതെന്ന് വാദിച്ച് ആ നേട്ടത്തിന്റെ ഗുണഭോക്താക്കളാകാൻ മുന്നോട്ടുവരുന്നു. അവരുടെ മനസ്സിൽ യഥാർഥത്തിൽ എന്താണുള്ളതെന്ന് അവരേക്കാൾ നന്നായി അല്ലാഹു അറിയുന്നുണ്ടെന്ന് അവർ മനസ്സിലാക്കുന്നില്ല.

---

وَلَيَعْلَمَنَّ اللَّهُ الَّذِينَ آمَنُوا وَلَيَعْلَمَنَّ الْمُنَافِقِينَ ﴿١١﴾

11. യഥാർഥ സത്യവിശ്വാസികളാരെന്നും കപടവിശ്വാസികളാരെന്നും അല്ലാഹു കണ്ടറിയുക തന്നെ വേണം.

**11**

وَلَيَعْلَمَنَّ اللَّهُ الَّذِينَ آمَنُوا=

(യഥാർഥ) സത്യവിശ്വാസികളായവരെ (ആരെന്ന്) അല്ലാഹു അറിയുക തന്നെ ചെയ്യും (കണ്ടറിയുക തന്നെ വേണം)

وَلَيَعْلَمَنَّ الْمُنَافِقِينَ=

കപടവിശ്വാസികളെയും (ആരെന്ന്) അവൻ അറിയുക തന്നെ ചെയ്യും (കണ്ടറിയുക തന്നെ വേണം)

മൂന്നാം സൂക്തത്തിന്റെ മറ്റൊരു ഭാഷ്യമാണിത്. അവിടെ الَّذِينَ صَدَقُوا -സത്യം പറഞ്ഞവർ എന്നു പരാമർശിച്ചവരെയാണ് ഇവിടെ الَّذِينَ آمَنُوا എന്നു പരാമർശിച്ചിരിക്കുന്നത്. അവിടെ كَاذِبِينَ എന്നു വിശേഷിപ്പിച്ചവരെ ഇവിടെ الْمُنَافِقِينَ എന്നും വിശേഷിപ്പിച്ചിരിക്കുന്നു. الَّذِينَ آمَنُوا എന്നതുകൊണ്ടുദ്ദേശ്യം നിഷ്കളങ്കരും സത്യസന്ധരുമായ സത്യവിശ്വാസികളാണെന്ന് അതിനെതിരായി الْمُنَافِقِينَ- കപടന്മാരെ പരാമർശിച്ചതിൽനിന്ന് വ്യക്തമാകുന്നു. പ്രതിസന്ധികളും പ്രയാസങ്ങളും വരുമ്പോൾ ദീനീ ഉത്തരവാദിത്തങ്ങളിൽനിന്ന് ഒളിച്ചോടുകയും നേട്ടങ്ങളുണ്ടാകുമ്പോൾ അതിന്റെ പിതൃത്വം അവകാശപ്പെട്ട് മുന്നോട്ടുവരികയും ചെയ്യുന്നവർ മുനാഫിഖുകളുടെ ഗണത്തിൽ പെടുന്നുവെന്ന് സന്ദർഭത്തിൽനിന്ന് വ്യക്തമാകുന്നു. കപടന്മാരെയും നിഷ്കളങ്കരെയും യാഥാർഥ്യ ലോകത്ത് ഈവിധം വേർതിരിച്ചു കാണിക്കേണ്ടത് അല്ലാഹുവിന്റെ നിഷ്പക്ഷ നീതിയുടെ താൽപര്യമാണ്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അതവന്റെ നീതിക്ക് എതിരായിത്തീരും.